(ബി) ആവശ്യമായ സ്ഥലങ്ങളിൽ ടൈബൽ ഡിപ്പാർട്ടുമെന്റ് സ്ഥാപിക്കുന്ന സോളാർ ഫെൻസിംഗിന് വനം വകുപ്പ് അനുമതി നിഷേധിച്ചിട്ടില്ല.

ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ കർണ്ണാടക ഫോറസ്റ്റ് അധികൃതർ നടത്തിവരുന്ന ഭൂമി കയ്യേറ്റം

270 (3782) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ വനാതിർത്തിയിൽ താമസിക്കുന്ന കൈവശക്കാരായ മലയാളി കുടുംബങ്ങൾക്കെതിരെ കർണാടക ഫോറസ്റ്റ് അധികൃതർ നടത്തിവരുന്ന ഭൂമി കൈയേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

വാമനപുരം നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർ

271 (3783) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്, എത്ര പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പരിക്കേറ്റവർക്കും മരണം സംഭവിച്ചവരുടെ ആശ്രിതർക്കും എന്തൊക്കെ സഹായങ്ങളും ആനുകൂല്യങ്ങളുമാണ് അനുവദിച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ ആകെ 20 പേർക്ക് പരിക്കേൽക്കുകയും 6 പേർ റിസർവ് വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് മരണപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാട്ടുപന്നി ബൈക്കിന് കുറുകെ ചാടി അപകടത്തിൽപ്പെട്ട് ഒരാൾ മരണപ്പെട്ടിട്ടുണ്ട്. നിശ്ചിത ഫോറത്തിൽ അപേക്ഷയും

LIBRARY ARCHIVES Kerala Legislative Assembly

അവകാശ സർട്ടിഫിക്കറ്റും സമർപ്പിക്കുന്ന മുറയ്ക്ക് പരേതന്റെ അനന്തരാവകാശിക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

(ബി) റിസർവ് വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് മരണപ്പെട്ടവരുടെ ആശ്രിതർക്ക് 6 പേർക്കായി 1 ലക്ഷം രൂപ വീതം 6 ലക്ഷം രൂപയും വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേറ്റ 20 പേർക്കായി 2,41,409 രൂപയും നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്.

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ ഒഴിവുകളിൽ നിയമനം

272 (3784) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും ഏതൊക്കെ റെയ്ഞ്ചുകളിലാണ് ഒഴിവുകളുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ നിയമനം ലഭിച്ചതിനുശേഷം എത്ര പേരാണ് പരിശീലനത്തിന് പോയിട്ടുള്ളതെന്നും ഇവർക്ക് എന്നുവരെ പരിശീലന കാലാവധി ഉണ്ടെന്നും ഇവർക്ക് പകരം താൽക്കാലികമായി പ്രമോഷൻ നടത്തി ഒഴിവുകൾ നികത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഫയർ സീസണിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ കുറവ് വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വനം വകുപ്പിന്റെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ എത്ര സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഒഴിവുകൾ നികത്തുന്നതിനാണ് അനുവാദം ഉള്ളതെന്നും പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 5 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. റിസർവ് റെയ്ഞ്ച്, തേക്കടി.
2. തൊടുപുഴ സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ച്.
3. കോതമംഗലം ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷൻ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ്.

LIBRARY ARCHIVES Kerala Legislative Assembly